# SSLC Revision Test Series

KP | Malayalam Paper II | Time : 45 Mnts

Std. 10 | (Chap. 1 to 3) | Score : 20

## Type -A

നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- സമയം, സ്കോർ എന്നിവ പരിഗണിച്ച് ഉത്തരം എഴുതണം.

**ചോദ്യം 1 മുതൽ 2 വരെ 1 സ്കോർ വീതം.**

1. 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗം മുന്നോട്ട് വെയ്ക്കുന്ന ജീവിതസന്ദേശമെന്ത്?
   a. കഠിനാധ്വാനം ചെയ്ത് പട്ടിണികിടന്ന് ജീവിക്കണം.
   b. വിവാഹം കഴിഞ്ഞാൽ അപ്പനെ ഒഴിവാക്കണം
   c. ഇല്ലായ്മകളെ സ്നേഹംകൊണ്ട് മറികടക്കണം.
   d. ജന്മിമാർക്ക് കീഴടങ്ങി ജീവിക്കണം.
2. 'കാലത്തെ ബസ്സിനുതന്നെ ഞാള് പോവും. എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ടൊന്നുണ്ടാകണേ'. വരികളിൽ തെളിയുന്ന ഭാവം ഏത്?
   a. അസൂയ   b. പര്സപര വിശ്വാസം
   c. ദയ   d. സങ്കടം

**ചോദ്യം 3 മുതൽ 4 വരെ 2 സ്കോർ വീതം.**

3. "ഏങ്ങിനികൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി
   കെട്ടു കരിന്തിരിയാളും വരെയവർ"- 'കരിന്തിരിയാളും വരെ' എന്ന പ്രയോഗത്തിന്റെ അർത്ഥസാധ്യതയെന്ത്?
4. അനുഭവജ്ഞാനമുള്ള ഒരു കർഷകനായിരുന്നു. 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ അച്ഛൻ. പാഠഭാഗത്തുനിന്ന് രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക?

**ചോദ്യം 5 മുതൽ 6 വരെ 4 സ്കോർ വീതം.**

5. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി അമ്മയെ ഉപേക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മകന്റെ വഴിയിലെ കാഴ്ചകൾ 'അമ്മത്തൊട്ടിൽ' എന്ന കവിതയെ കൂടുതൽ ആസ്വാദ്യമാക്കുന്നുണ്ടോ?· വിശകലനം ചെയ്യുക?
6. "അടി, അച്ചനുമല്ലോം കൊടുത്തോ?"
   "അവളു മറ്റൊള്ളോരെ തീറ്റുകാ." എന്നിട്ട് അവള് ഒണങ്ങുകേം" (-രണ്ടിടങ്ങഴി-പ്ലാവിലക്കഞ്ഞി)
   "കടലാമ്മ കനിഞ്ഞു".
   ചക്കി കറുത്തമ്മയോട് പറഞ്ഞു! മൊകാളെ, നമക്കു വള്ളോം വലേം ഒണ്ടാകാറായിപ്പോയി" (- ചെമ്മീൻ)
   - ഭാഷാഭേദങ്ങൾ സാഹിത്യരചനകളെ കൂടുതൽ ആസ്വാദ്യമാക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?
7. " നാട്യപ്രധാനം നഗരം ദരിദ്രം
   നാട്ടിൻപുറം നന്മകളാൽ സമൃദ്ധം" - കുറ്റിപ്പുറത്ത് കേശവൻനായർ
   "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
   ഇന്നും പഴിപറഞ്ഞേക്കാം മടങ്ങാതെവയ്യ."
   ഉപഭോഗസംസ്ക്കാരത്തിനടിമപ്പെട്ട നഗരസംസ്കൃതിയുടെ കാഴ്ചപ്പാട് കുറ്റിപ്പുറത്തു കേശവൻനായരുടെ വരികളുമായി ബന്ധിപ്പിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുക? (6)

# Type -B

**ചോദ്യം 1 മുതൽ 2 വരെ 1 സ്കോർ വീതം.**

1. 'വീട് നമ്മക്ക് വാടകയ്ക്കു കൊടുക്കാം. എന്നാൽ ചീത്തയാവില്ല. മറ്റെല്ലാം കണാരനെ ഏൽപ്പിക്കാം." - ഈ വരികളിൽ തെളിയുന്ന 'ജീവിതം പടർത്തുന്ന വേര്' ഏത്?
   a. അച്ചടക്കം b. വിശ്വാസം
   c. പരോപകാരം d.. സ്നേഹം
2. 'ഇപ്പെരുമാളിന്റെ' എന്ന പ്രയോഗത്തിലൂടെ കവി റഫീക്ക് അഹമ്മദ്, പുതുതലമുറയുടെ ഏത് പ്രവണതയെയാണ് പരിഹാസ്യമാക്കുന്നത്?
   a. പ്രാർത്ഥനാ സംസ്കാരത്തെ b. ഉപഭോഗസംസ്കാരത്തെ
   c.. കൂട്ടുകുടുംബവ്യവസ്ഥയെ d. അണുകുടുംബ വ്യവസ്ഥയെ

**ചോദ്യം 3 മുതൽ 4 വരെ 2 സ്കോർ വീതം.**

3. 'ഹാരാ അത്?'
   'ഏ നാടീ'
   അവൾക്ക് ആൾ മനസ്സിലായി. അവൾ ചെറ്റ തുറന്നു അവൾ പുറത്തിറങ്ങി.
   – രാത്രി ഏറെ വൈകിയും കോരനെ കാത്തിരിക്കുന്ന ചിരുതയുടെ ചിത്രമാണിത്. ചിരുതയ്ക്ക് കോരനോടുള്ള സ്നേഹത്തെക്കുറിക്കുന്ന രണ്ട് സൂചനകൾ എഴുതുക.
4. 'പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊരു
   രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു..' - വരികളിൽ ഉൾക്കൊള്ളുന്ന സാമൂഹ്യ വിമർശനമെന്ത്? (2)

**ചോദ്യം 5 മുതൽ 6 വരെ 4 സ്കോർ വീതം.**

5. 'ആരോഗ്യം ക്ഷയിച്ചപ്പോൾ അവഗണിക്കപ്പെട്ട അധഃകൃതവർഗത്തിന്റെ പ്രതിനിധികൂടിയാണ് കോരന്റെ അപ്പൻ' -പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തിൽ നിന്ന് സൂചനകൾ കണ്ടെത്തി സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക?
6. 'കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങള് വിളിക്കുന്നേടത്തും പറേന്നടുത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതു തന്നെ വല്യകാര്യം!" (ഓരോ വിളിയും കാത്ത്) - ഭർത്താവിനുവേണ്ടി മാത്രം ജീവിച്ച സ്ത്രീത്വത്തിന്റെ പ്രതിനിധി ആയിരുന്നോ, കഥയിലെ അമ്മ. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?
7. "വാർദ്ധക്യം ഒരു ശാപമല്ല.
   കൊച്ചുകുഞ്ഞുങ്ങളെ പോലതന്നെ
   സ്നേഹിക്കപ്പെടേണ്ടതും കരുതേണ്ടതുമായ കാലമാണ്......................
   നിങ്ങളും ഞാനും നടന്നടുക്കുന്നത് അതെ കാലത്തിലേക്കാണ്."
   മുകളിൽ കൊടുത്ത വരികളും 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ ആശയങ്ങളും ഉൾപ്പെടുത്തി 'വാർദ്ധക്യം ഒരു ശാപമല്ല' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക? (6)